പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1968 06.07.2015-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യുടെ നവീകരണം പാലക്കാട് ജില്ലയിൽ

ചോദ്യം

ശ്രീ. എം. ഹംസ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | 1.7.2011 മുതൽ 31.05.2015 വരെ എത്ര കെ.എസ്.ആർ.ടി.സി ബസുകൾ പാലക്കാട് ജില്ലയിൽ സർവ്വീസ് നടത്തിവരുന്നു എന്ന് വ്യക്തമാക്കാമോ ; | (എ) | 169 ബസ്സുകൾ. |
| (ബി) | 1.7.2006 മുതൽ 31.5.2011 വരെ ജില്ലയിൽ അനുവദിച്ചിരുന്ന ഷെഡ്യൂളുകളിൽ നിന്ന് 1.7.2011 മുതൽ 31.5.2015 വരെയുള്ള കാലയളവിൽ എത്ര ബസ് റൂട്ടുകൾ നിറുത്തലാക്കി ; വിശദാംശം ലഭ്യമാക്കാമോ ; | (ബി) | 10 സർവ്വീസ്സുകൾ വരുമാനക്കുറവും, ബസ്സിന്റെ കുറവും കാരണം താൽക്കാലികമായി നിർത്തലാക്കിയിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി നവീകരണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (സി) | പാലക്കാട് ജില്ലയിലെ ഡിപ്പോകളിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>2012-13 വർഷം മണ്ണാർക്കാട് യൂണിറ്റിൽ ഇൻസ്പെക്ഷൻ പിറ്റും മേൽക്കൂരയും നിർമ്മിക്കുന്നതിനായി 10 ലക്ഷം രൂപയും, വടക്കാഞ്ചേരി ഡിപ്പോയിൽ ഫോർ ബേ ഗ്യാരേജ് (with space frame) നിർമ്മിക്കുന്നതിനായി 20 ലക്ഷം രൂപയും ചിറ്റൂർ ഡിപ്പോയിൽ ജീവനക്കാർക്ക് വിശ്രമമുറി നിർമ്മിക്കുന്നതിനായി 10 ലക്ഷം രൂപയും |

| | | | |
|---|---|---|---|
| | | | കോർപ്പറേഷന് പദ്ധതി വിഹിതമായി സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.<br>2013-14 വർഷം മണ്ണാർക്കാട് യൂണിറ്റിലെ യാർഡ് വികസിപ്പിക്കുന്നതിനായി 30 ലക്ഷം രൂപ കോർപ്പറേഷന് പദ്ധതി വിഹിതമായി സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.<br>2015-16 വർഷം പാലക്കാട് ഡിപ്പോയിൽ ബസ്സ് ടെർമിനൽ നിർമ്മിക്കുന്നതിനായി 50 ലക്ഷം രൂപ കോർപ്പറേഷന് പദ്ധതി വിഹിതമായി സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി നവീകരണത്തിനായി എത്ര തുകയാണ് മേൽ കാലയളവിൽ ചെലവഴിച്ചത്; വിശദാംശം ലഭ്യമാക്കാമോ ? | (ഡി) | ടി കാലയളവിൽ കെ.എസ്.ആർ.ടി.സി നവീകരണത്തിനായി പാലക്കാട് ജില്ലയിൽ 1.95 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസര